പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 360**

11/05/2017 ൽ മറുപടിക്ക്

## പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണം

ചോദ്യം

**ശ്രീ.എം. നൗഷാദ്**
**ശ്രീ.എ. പ്രദീപ്കുമാർ**
**ശ്രീ.മുരളി പെരുനെല്ലി**
**ശ്രീ.കെ.ഡി. പ്രസേനൻ**

ഉത്തരം

**ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

(എ) കേരളത്തിന്റെ അഭിമാന സ്ഥാപനമായിരുന്ന കെൽട്രോൺ പുനരുദ്ധരിച്ച് വിപുലീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(എ) കേരളത്തിന്റെ അഭിമാന സ്ഥാപനമായിരുന്ന കെൽട്രോൺ പുനരുദ്ധരിച്ച് വിപുലീകരിക്കുന്നതിന് സംസ്ഥാന സർക്കാർ 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 10 കോടി രൂപ കെൽട്രോണിന്റെ നിർമ്മാണ സൗകര്യങ്ങളുടെ നവീകരണത്തിനും വികസനത്തിനുമാണ്. ബാക്കി 10 കോടി രൂപ കെൽട്രോണിന്റെ ഉപകമ്പനിയായ കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡിൽ നിലവിലുള്ള കപ്പാസിറ്റർ പ്ലാന്റിന്റെ നവീകരണത്തിനും എം.പി.പി റെക്റ്റാങ്കുലർ കപ്പാസിറ്ററിന്റെ നിർമ്മാണ സൗകര്യങ്ങൾക്കും, ടൂൾ റൂം നവീകരണത്തിനും ഇലക്ട്രോണിക്സ് മേഖലയിലെ ഗവേഷണത്തിനും വികസനത്തിനുമുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിനുമാണ് നീക്കിവച്ചിരിക്കുന്നത്.

ബി) മുൻ സർക്കാരിന്റെ കാലത്ത് വൻ നഷ്ടത്തിലായിരുന്ന കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസിനെ ലാഭകരമാക്കാൻ ഈ സർക്കാർ നടത്തിയ ഇടപെടലുകൾ അറിയിക്കാമോ; ഇത്തരത്തിൽ മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെ കൂടി നവീകരിച്ച് വിപുലീകരിക്കാൻ പദ്ധതിയുണ്ടോ?

(ബി). കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കത്സ് ലിമിറ്റഡിൻെറ ലാഭകരമായ പ്രവർത്തനത്തിനുവേണ്ടി കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. നിലവിലുള്ള ഉൽപ്പാദന ശേഷി മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 475 ലക്ഷം

രൂപയുടെ പ്രത്യേക ധനസഹായം കമ്പനിയ്ക്ക് സർക്കാർ നൽകിയിട്ടുണ്ട്.

കേരളത്തിലാവശ്യമായ നോൺ ബീറ്റാലാക്ടം മരുന്നുകൾ, ഇൻജക്ടബിൾസ്, ഹോസ്പിറ്റൽ ഡിസ്പോസിബിൾസ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ വിപുലമായ വികസന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 2017-18-ൽ 18.15 കോടി രൂപ ബഡ്ജറ്റിൽ കമ്പനിയ്ക്കായി വകയിരുത്തിയിട്ടുണ്ട്. കൂടാതെ 10 കോടി രൂപയുടെ അധിക ധനസഹായം അനുവദിക്കുമെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. സഞ്ചിത നഷ്ടം എഴുതിത്തള്ളുന്നതിനും സർക്കാർ വായ്പയും അതിന്മേലുള്ള പലിശയുമായിട്ടുള്ള 106 കോടി രൂപ മൂലധനമായി മാറ്റുവാനും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകളിലൂടെ സ്ഥാപനത്തിന്റെ ലാഭകരമായ നടത്തിപ്പാണ് സർക്കാർ ലക്ഷ്യമിടുന്നത്.

നിലവിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻറ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ബീറ്റാലാക്ടം, നോൺ ബീറ്റാലാക്ടം എന്നിങ്ങനെ രണ്ട് വിഭാഗം മരുന്നുകൾ ആണ് കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകുന്നത്. ഇപ്പോൾ ബീറ്റാലക്ടം ഇൻജക്ഷൻ പ്ലാൻറിനോട് അനുബന്ധമായി വിഭാവനം ചെയ്ത ഡ്രൈ പൗഡർ ഇൻജക്ഷൻ യൂണിറ്റ് ഉൽപ്പാദന സജ്ജമായിക്കഴിഞ്ഞു. കമ്പനിയുടെ ആധുനിക ലബോറട്ടറിയ്ക്ക് NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്. കൂടാതെ നോൺ-ബീറ്റാലാക്ടം പ്ലാൻറിന്റെ നിർമ്മാണ ഉദ്ഘാടനം 06-05-2017-ൽ നടന്നു.

സെക്ഷൻ ഓഫീസർ